Mathrubhumi 09.02.18

# വാഴ, തേനീച്ച കർഷകർക്ക് പാർക്ക്: പ്രാരംഭ നടപടി തുടങ്ങി

## പത്തേക്കറിൽ 100 കോടിയുടെ പദ്ധതി

**തൃശ്ശൂർ ▸** വാഴ, തേനീച്ച കർഷകരെ മികച്ച സംരംഭകരാക്കി മാറ്റാൻ പുതിയ പദ്ധതിയുമായി കൃഷിവകുപ്പ്.

കർഷകർക്ക് പുതിയ സംരംഭം തുടങ്ങാനും മികച്ച വിപണിസാധ്യത കണ്ടെത്താനും ഉതകുന്ന വാഴ, തേനീച്ച പാർക്ക് കൃഷിവകുപ്പ് ആരംഭിക്കുന്നു.

തൃശ്ശൂർ കണ്ണാറയിൽ മോഡൽ ഹോർട്ടികൾച്ചർ നഴ്സറിയിലെ 10 ഏക്കറിലാണ് പാർക്ക് ആരംഭിക്കുക.

കേരള അഗ്രോ ബിസിനസ് കമ്പനിക്ക് കീഴിലായിരിക്കും പദ്ധതി യാഥാർത്ഥ്യമാകുക.

ഇതിനായി 100 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു.

പാർക്കിൻെറ പ്രാരംഭനടപടികൾ ആരംഭിച്ചു.

കർഷകർക്ക് കാർഷിക സർവകലാശാലയുടെ കണ്ണാറ വാഴ ഗവേഷണകേന്ദ്രത്തിൽ പരിശീലനം നൽകും.

വാഴകൃഷി വിജയമാക്കുന്നതിനും വാഴയിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുമുള്ള പരിശീലനമാണ് നൽകുക. വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും കാർഷികകൂട്ടായ്മകൾക്കും പങ്കെടുക്കാം.

വിപണനകേന്ദ്രം പാർക്കുവഴി നടത്തും. വാഴയുടെ വിവിധ വർങ്ങൾ ഉൾപ്പെടുത്തി മ്യൂസിയവും ആരംഭിക്കും.

നബാർഡിൻെറ നാബ്കോൺ ഏജൻസിയാണ് പാർക്കിൻെറ സാധ്യതാപഠനം നടത്തിയത്.